LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 24, വെള്ളി

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 22

നിയമസഭ 2000 മാർച്ച് മാസം 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു).

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ..... ചോദ്യം 560.

ചോദ്യം നമ്പർ 560, സഭയിൽ ചോദ്യകർത്താക്കൾ ഹാജരല്ലാത്തതിനാൽ ചോദ്യം എടുത്തില്ല.

വ്യാജപട്ടയ മാഫിയയുടെ പ്രവർത്തനം

1 (*561) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാജപട്ടയ മാഫിയ സജീവമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് റവന്യൂ വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വ്യാജപട്ടയ കേസ്സുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

1163/2010.

(ഡി) സംസ്ഥാനത്ത് വ്യാജപട്ടയ കേസ്സുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസ്സിന്റെ അന്വേഷണച്ചുമതല സംസ്ഥാന പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതൊക്കെ കേസ്സുകളാണ് പോലീസ് അന്വേഷിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇടുക്കി ജില്ലയിലെ പീരുമേട് കേന്ദ്രീകരിച്ചു നടന്ന വ്യാജ പട്ടയകേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് അറിവുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) സംസ്ഥാനത്ത് നടക്കാനിരിക്കുന്ന പട്ടയവിതരണം കുറ്റമറ്റതാക്കാൻ സർക്കാർ എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ,

(എ) ഇടുക്കി ജില്ലയിൽ വ്യാജ പട്ടയം നൽകിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് റവന്യൂവകുപ്പ് ഉദ്യോഗസ്ഥതലത്തിൽ രണ്ട് അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. ശ്രീ. കെ. വേലപ്പൻ നായർ, ശ്രീ. എൻ. പുരുഷോത്തമൻപോറ്റി എന്നീ തഹസിൽദാർമാർ സംയുക്തമായി നടത്തിയ അന്വേഷണവും, അവരുടെ ശുപാർശ കണക്കിലെടുത്ത് ഇടുക്കി കളക്ടറേറ്റിലെ ഹൗസിംഗ് ഡെപ്യൂട്ടി കളക്ടർ ശ്രീമതി പി.സി. അന്നമ്മ നടത്തിയ അന്വേഷണവും. ഈ രണ്ട് അന്വേഷണങ്ങളും ലാന്റ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശാനുസരണമാണ് നടത്തിയിട്ടുള്ളത്.

(സി) പീരുമേട് താലൂക്കാഫീസിലേയും വാകമൺ, മഞ്ചുമല എന്നീ വില്ലേജ് ഓഫീസിലേയും പതിനൊന്ന് ജീവനക്കാരെ ലാന്റ് റവന്യൂ കമ്മീഷണറുടെ 29.1.2000-ലെ എൽ.ആർ. ഡി. 425980/99 നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്തിട്ടുണ്ട്. ഈ കേസ്സുമായി ബന്ധപ്പെട്ട 26 ജീവനക്കാർ സർവീസിൽ നിന്നും പിരിഞ്ഞുപോയിട്ടുള്ളതിനാൽ അവരുടെ മേൽ നടപടി സ്വീകരിക്കുന്നതിനായി സർക്കാർ തലത്തിൽ ആവശ്യമായ നടപടി കൈക്കൊണ്ടുവരുന്നു.

(ഡി&ഇ) ഉണ്ട്. ഇടുക്കി ഹൗസിംഗ് ഡെപ്യൂട്ടി കളക്ടറുടെ അന്വേഷണത്തിൽ കണ്ടെത്തിയ 29 വ്യാജ പട്ടയങ്ങളെയും ഇതുപോലെ നല്കിയിരിക്കുവാനിടയുള്ള മറ്റു പട്ടയങ്ങളേയുംപ്പറ്റി ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിക്കുന്നതിന് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്&ജി) ക്രൈംബ്രാഞ്ച് അന്വേഷണത്തിനായി 4.11.1999-ൽ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എച്ച്) പട്ടയവിതരണം കുറ്റമറ്റതും സുതാര്യവുമാക്കുവാൻവേണ്ടി ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ പരിഗണനയ്ക്കും അംഗീകാരത്തിനും ശേഷമേ പട്ടയം നൽകാവൂ എന്ന വ്യവസ്ഥയുണ്ട്. 1.1.1977-നു മുൻപുള്ള വനഭൂമിയിലെ കൈയേറ്റം ക്രമവൽക്കരിക്കുന്നതിനു നടപടി സ്വീകരിക്കുമ്പോൾ ഭൂമി പതിച്ചുകിട്ടേണ്ടവരുടെ ലിസ്റ്റ് പരസ്യപ്പെടുത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഓരോ യൂണിറ്റടിസ്ഥാനത്തിലും വിവിധ കർഷക സംഘടനാ പ്രതിനി

LIBRARY ARCHIVES Kerala Legislative Assembly

ധികളെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റികളും ഈ കാര്യത്തിൽ ജാഗ്രത യോടെ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, സംസ്ഥാനത്ത് വ്യാജപ്പട്ടയ മാഫിയക ളുടെ പ്രവർത്തനം പല ജില്ലകളിലും ഉണ്ടെന്നാണ് അറിയുവാൻ സാധിച്ചത്. ഇത് ആദ്യമായി ശ്രദ്ധയിൽപ്പെട്ടത് എപ്പോഴാണ്; ഇതു സംബന്ധിച്ച് എന്തെല്ലാം കേസുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഈ ഗവണ്മെന്റ് വന്നതിനുശേഷമുള്ള പരി ശോധനയിലാണ് ഇത്തരം ചില വ്യാജപ്പട്ടയ കേസുകൾ ഉണ്ടെന്ന് മനസ്സിലാ യത്. അത് ബോധ്യമായപ്പോൾത്തന്നെ റവന്യൂ കമ്മീഷണറോട് ഈ വിഷയം അന്വേഷിച്ച് നടപടി എടുക്കണമെന്ന് ഗവണ്മെന്റ് നിർദ്ദേശിച്ചു. അതിനെ തുടർന്നാണ് ഈ രണ്ട് അന്വേഷണങ്ങളും നടത്തിയത്. കൂടുതൽ ഗൗരവമായ അന്വേഷണ നടപടികൾ ആവശ്യമുണ്ടെന്ന് ഗവണ്മെന്റിനു ബോധ്യമായതു കൊണ്ടാണ് ഇതു ക്രൈംബ്രാഞ്ചിനെക്കൊണ്ട് തന്നെ അന്വേഷിപ്പിക്കണമെന്ന് ഗവണ്മെന്റ് തീരുമാനിക്കുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കു കയും ചെയ്തത്.

ശ്രീ. സി.കെ. രാജേന്ദ്രൻ : ഇപ്പോൾ പട്ടയ വിതരണത്തിൽ ക്രമക്കേടു കൾ വരാതിരിക്കുന്നതിനുവേണ്ടി വളരെ ഗൗരവമായ ശ്രദ്ധ ഗവണ്മെന്റ് ചെലു ത്തുന്നുണ്ടെന്ന് വിശദീകരിച്ചു. അത് പട്ടയവിതരണം നടത്തുന്ന എല്ലാ ജില്ലക ളിലും വ്യാപകമാക്കിയിട്ടുണ്ടോ; അതു സംബന്ധിച്ച് വിശദീകരണം നൽകുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സാധാരണഗതിയിൽ പട്ടയം നല്കുന്നതിനു നിയമാനുസൃതമായിട്ടുള്ള ചില നടപടികളുണ്ട്. ഭൂപരിഷ്കരണ നിയമ ത്തിൽത്തന്നെ വ്യവസ്ഥ ചെയ്തതാണ് അത്. എന്നാൽ അതൊക്കെ ദുരുപ യോഗപ്പെടുത്താൻ ചില ഉദ്യോഗസ്ഥന്മാരെക്കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ശ്രമിക്കുന്നുവെന്ന് ചില പ്രശ്നങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊ ണ്ടാണ് ഇത്തരം അസൈൻമെന്റ് കമ്മിറ്റികൾ ജനപ്രതിനിധികളടക്കമുള്ളവരെ ക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അതു പരിശോധിക്കണമെന്ന് തീരുമാനിച്ചത്. അങ്ങനെ പൂർണ്ണമായി, ഇതിൽ ക്രമക്കേടുകൾ വരാതിരിക്കുവാനുള്ള ജാഗ്രത ഉണ്ടാകണം എന്ന നിലയിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. അപൂർവ്വമായി കാണുന്ന ക്രമക്കേടുകളിൽ ഗവണ്മെന്റ് ഗൗരവമായി നടപടി സ്വീകരിക്കുന്നുണ്ട്. അന്വേഷിച്ച് അത്തരം വ്യാജപട്ടയങ്ങൾ ക്യാൻസൽ ചെയ്യാനും, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് എതിരെ നടപടി സ്വീകരിക്കു വാനും ഗവണ്മെന്റ് തയ്യാറെടുക്കുന്നുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സംസ്ഥാനത്തെ വ്യാജപട്ടയ ഇടപാടു കളെക്കുറിച്ച് അന്വേഷണം നടത്തി മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പി ക്കുവാൻ സി.ബി.ഐ. ക്ക് ഹൈക്കോടതി ഡിവിഷൻ ബഞ്ച് നിർദ്ദേശം നല്കി യിട്ടുള്ളതായി മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഏതെല്ലാം ജില്ലകളിൽ എവിടെയെല്ലാമാണ് വ്യാജരേഖയുണ്ടാക്കി പട്ടയം തട്ടിയെടുത്തിട്ടുള്ളതെന്ന് പറയുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : മെമ്പർ പറഞ്ഞ വിഷയം ഇന്നലെ ഹൈക്കോടതിയുടെ ഒരു തീരുമാനമായി ടി.വി. യിലൂടെ കേൾക്കാൻ ഇട യായി. അപ്പോൾത്തന്നെ ആ കാര്യം റവന്യൂ സെക്രട്ടറിയോട് അന്വേഷിച്ചു, പാലക്കാട് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടിരുന്നു. ഈ കേസിൽ 13 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ പുറമ്പോക്കു ഭൂമി തന്റെ ഭൂമിയാണെന്ന് അവകാശപ്പെട്ട് വ്യാജരേഖ ചമച്ച് അതു തട്ടിയെടുക്കാനുള്ള ശ്രമം ബാലകൃഷ്ണൻ എന്ന ഒരാൾ നടത്തിയതായിട്ടാണ് തെളിവ് കിട്ടിയിട്ടുള്ളത്. ഗവണ്മെന്റ് അതു വ്യാജപട്ടയമാണെന്നും റവന്യൂ ഭൂമി ആണെന്നും ആദ്യം മുതലേ ഒരു നിലപാട് സ്വീകരിച്ചിരുന്നതാണ്. അത് ഇപ്പോൾ കോടതിക്ക് ബോധ്യമായി. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കണമെന്ന് കോടതിയുടെ നിർദ്ദേശമുണ്ട്. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സംസ്ഥാനത്ത് ആകെ ഇനി എത്രപേർക്ക് പട്ടയം കൊടുക്കാനുണ്ടെന്ന് പറയാമോ; യുദ്ധകാലാടിസ്ഥാനത്തിൽ മൂന്നു മാസത്തിനകം, അർഹിക്കുന്ന എല്ലാപേർക്കും പട്ടയം കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ഈ ഭൂമിയിലുള്ള എല്ലാപേർക്കും ഭൂമി കൊടുത്ത് അതിനുള്ള രേഖകളും കൊടുക്കണമെന്നാണ് ഈ ഗവണ്മെന്റിന്റെ ഇപ്പോഴത്തെ പ്രഖ്യാപിതനയം. അതുകൊണ്ട് കൃത്യമായിട്ട് എത്രപേർക്ക് ഭൂമിയുടെ അവകാശ രേഖകൾ ലഭിക്കുവാനുണ്ടെന്ന് പറയുവാൻ കഴിയുകയില്ല. ഭൂപരിഷ്കാര നിയമത്തിന്റെ ഭാഗമായി പൂർത്തീകരിക്കേണ്ടിയുള്ള പലതും 30 വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാതെ ഇപ്പോഴും നിലനിൽക്കുന്നു. ജന്മിത്വത്തിന്റെ അവശിഷ്ടം തന്നെ നിലനിൽക്കുന്നു എന്നതാണ് ഇപ്പോഴത്തെ അവസ്ഥ. ശ്രീപാദംഭൂമിയൊക്കെ തിരുവനന്തപുരത്തുള്ള സംവിധാനമാണ്. അതിൽ ജന്മികളാണ് ഇപ്പോഴും അതിന്റെ അവകാശി. ഇവർക്ക് ഒരു രേഖയുമില്ല. ഇവർക്ക് ഒന്നും അവകാശപ്പെടാനും കഴിയുകയില്ല. ശ്രീപണ്ടാരവക ഭൂമി, കാണംഭൂമി, ശ്രീപാദം ഭൂമി അങ്ങനെ കുറെ വിഭാഗങ്ങളായി ഒരു ലക്ഷത്തിലേറെ പേർക്ക് ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ മാതൃകയിൽ ജനപ്രതിനിധികളും പൊതുപ്രവർത്തകരും ഉദ്യോഗസ്ഥന്മാരും ചേർന്ന് ഓരോ പ്രദേശങ്ങളിലേയും വീടുകളിൽപോയി അപേക്ഷകൾ വാങ്ങി പ്രോസസ് ചെയ്ത് ആറു മാസത്തിനുള്ളിൽ പട്ടയംകൊടുത്ത് തീർക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഒരു ലക്ഷത്തോളം വീടുകളുടെ കാര്യം. മത്സ്യമേഖലയിൽ ഒന്നര ലക്ഷത്തോളംവരും. ഈ കാലമത്രയും അവർക്ക് പട്ടയം കൊടുക്കാൻപോലും സാധ്യമല്ലാത്ത അവസ്ഥയായിരുന്നു. ഫിഷറീസ് വകുപ്പുമന്ത്രിയും പോർട്ടിന്റെ വകുപ്പു ചുമതലയുള്ള മന്ത്രിയും ഞാനും ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച ചെയ്ത് പോർട്ട് ഐഡന്റിഫൈ ചെയ്ത സ്ഥലങ്ങൾ ഒഴിച്ച് എല്ലാ സ്ഥലങ്ങളിലും മത്സ്യത്തൊഴിലാളികൾക്ക്, വീടുവച്ച് താമസിക്കുന്നവർക്ക്, പട്ടയം കൊടുക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചു. കേന്ദ്ര ഗവണ്മെന്റിന്റെ തടസ്സം ഉണ്ടെന്ന ഒറ്റ കാരണംകൊണ്ടാണ് ഇക്കാലമത്രയും അതു കൊടുക്കുവാൻ ശ്രമിക്കാതിരുന്നത്. കേന്ദ്ര ഗവണ്മെന്റിന്റെ തീരുമാനത്തിൽത്തന്നെ സ്ഥിരമായി മത്സ്യം പിടിച്ച് ഉപജീവനം കഴിക്കുന്ന കടലോര-കായലോര മേഖലകളിൽ താമസിക്കുന്നവർക്ക് വീടുവച്ച് താമസിക്കുന്നതിനു പട്ടയം നൽകാം എന്ന നിബന്ധനകൾക്ക് അനുമതി വാങ്ങി അതിന്റെ അടിസ്ഥാനത്തിലാണ് കൊടുക്കുവാൻ പോകുന്നത്. അത് ഞങ്ങൾ ഈ വർഷം പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ ലക്ഷംവീട്, നാലു സെന്റ്, ഹരിജൻ കോളനി തുടങ്ങിയ വിഭാഗങ്ങൾക്ക് കൊടുക്കുന്നുണ്ട്. അതുകൊണ്ട് കൃത്യമായി ഇതിന്റെ അടിസ്ഥാനത്തിൽ നമ്പർ പറയുവാൻ കഴിയുകയില്ല. പരമാവധി കൈവശ ഭൂമിക്ക് മുഴുവൻ പട്ടയം കൊടുക്കണം എന്നു തീരു

LIBRARY ARCHIVES Kerala Legislative Assembly

മാനം എടുത്തിട്ടുണ്ട്. അതു പ്രാവർത്തികമാക്കുന്നതിനു ഗവണ്മെന്റ് ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. പി.കെ. കുമാരൻ : സർ, വ്യാജപട്ടയം സംബന്ധിച്ച അന്വേഷണം നമ്മുടെ സംസ്ഥാനത്തിനു പുറത്ത് ഈ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്നതിനെക്കുറിച്ച് പുറമേയുള്ള അന്വേഷണം കൂടി നടത്തുന്നതിന് ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : പുറമേയുള്ള അന്വേഷണത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി. സ്പീക്കർ : ആവശ്യമുണ്ടെങ്കിൽ നോക്കാം?

ശ്രീ. കെ.ഇ. ഇസ്മയിൽ : ആവശ്യമുണ്ടെങ്കിൽ തീർച്ചയായിട്ടും നോക്കും.

ശ്രീ. പി.കെ. കുമാരൻ : സർ, ബഹു. മന്ത്രി ഇവിടെ നൽകിയ മറുപടിയിൽ, ഭൂമി പതിച്ചുനൽകുന്നതിന് ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും അതു കൂടുന്നുണ്ടെന്നും പറയുകയുണ്ടായി. എന്നാൽ പല സ്ഥലങ്ങളിലും ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾ കൃത്യമായി കൂടാറില്ല. അവിടെ ക്വാറത്തിന്റെ പ്രശ്നം ഉയർന്നുവരികയാണ്. ക്വോറമില്ലാതെ കമ്മിറ്റികൾ കൂടാതിരിക്കുന്നതും സമയത്തിന് പട്ടയം കൊടുക്കാൻ കഴിയാത്തതുമായ സ്ഥിതിയുണ്ടായിരിക്കുന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : അപൂർവ്വം ചില പ്രദേശങ്ങളിൽ ഈ കമ്മിറ്റികൾ കൂടുന്നില്ലെന്ന ആക്ഷേപം ഞങ്ങൾക്കു കിട്ടിയിട്ടുണ്ട്. ലാൻഡ് അസൈൻമെന്റ് കമ്മിറ്റികളിലുള്ളവർ മിക്കവാറുമെല്ലാവരും പൊതുപ്രവർത്തകരാണ്. പൊതുപ്രവർത്തകരായതുകൊണ്ട്, തങ്ങളുടെ സൗകര്യത്തിന് പെട്ടെന്നൊരു ദിവസം നിശ്ചയിക്കുന്ന സമ്പ്രദായം മാറ്റണമെന്ന് തഹസിൽദാർമാർക്കും ഡെപ്യൂട്ടികളക്ടർമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒരു യോഗം കൂടുമ്പോൾ, അടുത്ത യോഗം നിശ്ചയിച്ചിട്ടുവേണം കൂടാൻ. കൂടുതൽ കേസുകൾ തീർപ്പു കൽപ്പിക്കേണ്ടതുണ്ടെങ്കിൽ ആവശ്യമായിടത്തോളം യോഗങ്ങൾ കൂടണം. അങ്ങനെ അവരുമായി ആലോചിച്ച് തീരുമാനിച്ചിട്ടുണ്ട്. ക്വോറം ഒരു തടസ്സമാണെന്ന അഭിപ്രായം ചില പ്രദേശങ്ങളിൽ നിന്നു വന്നതുകൊണ്ട് ക്വോറം പരിഗണിക്കേണ്ടതില്ല. മീറ്റിംഗ് കൂടി ഉള്ളവരെ വച്ച് തീരുമാനമെടുത്ത് ഇംപ്ലിമെന്റ് ചെയ്യണം എന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ആ പ്രശ്നം ഇതിനൊരു തടസ്സമാകുകയില്ല.

ശ്രീ. സി. മൊയിൻകുട്ടി : സർ, വ്യാജ പട്ടയം നേടിയിട്ടുള്ള ആളുകൾ സർക്കാരിൽ നിന്നും എന്തെങ്കിലും ആനുകൂല്യങ്ങൾ തട്ടിയെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെ തട്ടിയെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ? ആ ആനുകൂല്യങ്ങൾ റദ്ദു ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : വ്യാജപട്ടയമാണെന്നു ബോധ്യമായാൽ ആ പട്ടയം ക്യാൻസൽ ചെയ്യും. അങ്ങനെ പട്ടയം കൊടുക്കാനിടയായ ഉദ്യോഗസ്ഥന്മാർ ആരാണോ അവർ കൂട്ടുനിന്നിട്ടുണ്ടെങ്കിൽ അതു പരിശോധിക്കും. അവർക്കെതിരായി നടപടി എടുക്കും. വ്യാജപട്ടയമുപയോഗിച്ച് ഗവണ്മെന്റിൽ നിന്ന് എന്തെങ്കിലും സാമ്പത്തികസഹായം നേടിയിട്ടുണ്ടെങ്കിൽ അതും അതിന്റെ പലിശയും അവരിൽ നിന്നു തിരിച്ചുപിടിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : സർ, കാസർകോട് ജില്ലയിൽ പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെ പേരിൽ ധാരാളമായി ഭൂമി പട്ടയം കൊടുക്കുകയുണ്ടായി. എന്നാൽ അവരുടെ കയ്യിൽ യഥാർത്ഥത്തിൽ പട്ടയവും കിട്ടുന്നില്ല, ഭൂമിയും കിട്ടുന്നില്ല. ബിനാമി ആയിട്ട് വലിയ ആളുകളാണ് ഈ ഭൂമി കൈവശം വയ്ക്കുന്നത്. പിന്നീട് ഇവരെക്കൊണ്ടുതന്നെ വ്യാജമായ രേഖയുണ്ടാക്കി ആ ഭൂമി തിരിച്ചുവാങ്ങിക്കുകയും ചെയ്തിട്ടുള്ളതായി പരാതികൾ ഉള്ളത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഇതൊരു പരാതിയായി സ്വീകരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ഇതുപോലൊരു പരാതി അദ്ദേഹം പൊതുവേദിയിൽ പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നടപടിയുമെടുത്തു. അത് അദ്ദേഹത്തിനുതന്നെ ബോധ്യമാണ്. ഏറ്റവും കൂടുതൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടുള്ള കേരളത്തിലെ അപൂർവ്വം ജില്ലകളിൽ ഒരു ജില്ലയാണ് കാസർകോട് ജില്ല. അതെന്താണെന്ന് എനിക്കറിയില്ല. അവരോടുതന്നെ ചോദിക്കണം. വളരെ താൽപ്പര്യമെടുത്ത് ആ പ്രദേശങ്ങളിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനു ശ്രമിക്കുകയും റവന്യൂ കമ്മിഷണറെ ചുമതലപ്പെടുത്തി അവിടെ പോയി കാര്യങ്ങൾ പരിശോധിക്കുകയും കുറേ കേസുകളിൽ നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ പട്ടയം ഈ ഗവണ്മെന്റിന്റെ കാലത്ത് നൽകിയ ഒരു ജില്ലയാണ് കാസർകോട് ജില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, പട്ടയം ലഭിക്കുന്നതിന് വരുമാന പരിധി 15,000 രൂപയായിരുന്നു. അങ്ങ് മന്ത്രിയായ ശേഷം നഗരങ്ങളിൽ 25,000 രൂപ ആക്കിയിട്ടുണ്ട്. പക്ഷേ പഞ്ചായത്തുകളിൽ ഇപ്പോഴും 15,000 രൂപയിൽ നിൽക്കുകയാണ്. ഈ അനോമലി മാറ്റണമെന്ന് സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതാണ്. ഇതുവരെ അതിന് ഓർഡർ ഇറങ്ങിയിട്ടില്ല. നഗരത്തിലെപ്പോലെ പഞ്ചായത്തുകൾക്കും വരുമാനപരിധി അടിയന്തിരമായി 25,000 രൂപയാക്കി വർദ്ധിപ്പിക്കാനുള്ള നടപടി ബഹു. മന്ത്രി സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : നഗരങ്ങളിൽ കഴിഞ്ഞ കാലങ്ങളിലെല്ലാം കൈവശഭൂമിക്ക് പട്ടയം കൊടുക്കണമെങ്കിൽ മാർക്കറ്റ് വില കൊടുക്കണമെന്ന തടസ്സംകൊണ്ടാണ് പട്ടയം കൊടുക്കാൻ കഴിയാതിരിക്കുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന ശേഷമാണ് ദുർബ്ബല ജനവിഭാഗങ്ങൾക്ക്, 24,000 രൂപയിൽ താഴെയുള്ളവർക്ക്, സൗജന്യമായി കൊടുക്കാൻ തീരുമാനിച്ചത്. 50,000-ത്തിൽ താഴെ വരുമാനമുള്ളവർക്ക് അഞ്ചിലൊന്ന് മാർക്കറ്റ് വില മതിയെന്നു തീരുമാനിച്ചത് ഈ ഗവണ്മെന്റാണ്. അതിന്റെ അടിസ്ഥാനത്തിലാണ് മുനിസിപ്പൽ-കോർപ്പറേഷൻ മേഖലയിൽ പട്ടയം കൊടുക്കാൻ തുടങ്ങിയത്. ഒരുപാട് ആളുകൾക്ക് പട്ടയം കൊടുത്തു. പഞ്ചായത്തിലെ വരുമാനപരിധിയെ സംബന്ധിച്ചും ഇതുപോലെ അഭിപ്രായം വന്നിട്ടുണ്ട്. കാലോചിതമായ ഒരു മാറ്റം വരുത്തണമെന്നു പറഞ്ഞിട്ടുണ്ട്. ആ മാറ്റം വരുത്തുന്നതിനാവശ്യമായ നടപടികൾ പൂർത്തിയായി വരികയാണ്. കഴിയുന്നതും വേഗം നടപടി സ്വീകരിക്കും.

ശ്രീ. പി. രാജു : സർ, നമ്മുടെ സംസ്ഥാനത്തെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിന്, പ്രത്യേകിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. യും ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയുടെ തീരുമാനവുമായി വരുന്ന അപേക്ഷകളിൽ, അതു പ്രോസസ് ചെയ്യുന്നത് റവന്യൂ ഡിപ്പാർട്ട്മെന്റാണ്. ഇന്നത്തെ നിയമമനുസരിച്ച് അതിന്റെ ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തേണ്ടത് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്

LIBRARY ARCHIVES Kerala Legislative Assembly

മെന്റാണ്. റവന്യൂ ഡിപ്പാർട്ട്മെന്റ് പ്രോസസ് ചെയ്ത്, ലോക്കൽ അഡ്മിനി സ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് ഗസറ്റ് നോട്ടിഫിക്കേഷൻ വരുത്തേണ്ടതുകൊണ്ട് ഉണ്ടാകുന്ന കാലതാമസമൊഴിവാക്കുന്നതിനുവേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റും എൽ.എ. ഡിപ്പാർട്ട്മെന്റും ചേർന്നുകൊണ്ട്, സംയുക്തമായ ഒരു ചർച്ച നടത്തി ഒരു, പൊതുസംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കു കയും ഇന്ന് നിലനിൽക്കുന്ന തടസ്സം, കാലതാമസം ഒഴിവാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സാധാരണഗതിയിൽ ഡിപ്പാർട്ട്മെന്റലായിട്ട് വരുന്ന കാലതാമസങ്ങളുണ്ട്. ഇതുപോലുള്ള സാഹചര്യങ്ങളിൽ അത്തരം കാലതാമസം കഴിയുന്നതും ഒഴിവാക്കേണ്ടതാണ്. അങ്ങനെ കാലതാമസ മുണ്ടാകുന്നുണ്ടെങ്കിൽ തീർച്ചയായും അതിനെക്കുറിച്ച് സംയുക്തമായി ആലോചിച്ച് അതിന് പരിഹാരമുണ്ടാക്കുന്നതാണ്.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, ഭൂപരിഷ്കരണ നിയമം അനുശാസിക്കുന്ന തിൽകൂടുതൽ കൈവശഭൂമി വയ്ക്കുകയും അത്തരം ആളുകളെ രക്ഷിക്കാൻ ചെറുകിട കർഷകരുടെ സർവേ നമ്പർ മിച്ചഭൂമിയായി കാണിച്ച് മിച്ചഭൂമിയായി പ്രഖ്യാപിക്കുകയും അതുകൊണ്ട് ചെറുകിട കർഷകർ നീതിക്കുവേണ്ടി കോടതി കയറേണ്ടിവരികയും ചെയ്യുന്ന അവസ്ഥ പാലക്കാട് ജില്ലയിലുണ്ട്. ഇതു കൃഷിക്കാരുടെ കുറ്റം കൊണ്ടല്ല, കൈവശക്കാരുടെ കുറ്റം കൊണ്ടല്ല. ഉദ്യോഗസ്ഥർ വൻകിടക്കാരുമായി ഒത്തുണ്ടാക്കിയ കൃത്രിമ പട്ടയം മുഖേ നയോ മിച്ചഭൂമി പ്രഖ്യാപനമോ മുഖേനയാണ്. ഇത്തരം കർഷകരെ രക്ഷി ക്കാൻവേണ്ടി ഈ ഭൂമി കൃത്യമായി തിട്ടപ്പെടുത്തുകയും ചെറുകിട കർഷക രുടെ കൈവശഭൂമി പരിധിയിൽക്കൂടുതൽ ഇല്ലെങ്കിൽ അത് അവരുടെ ഭൂമി യായി തിട്ടപ്പെടുത്തിക്കൊടുക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ഇതൊരു സങ്കീർണ്ണമായ പ്രശ്നമാണ്. പാലക്കാട് ജില്ലയിലും മറ്റു ജില്ലകളിലും മിച്ചഭൂമിയെ തോൽപ്പിക്കുന്നതിനു വേണ്ടി ജന്മിമാർ കൈക്കൊള്ളുന്ന ഒരു ഉപായമാണിത്. മിച്ചഭൂമിയായി പ്രഖ്യാ പിക്കുന്ന സ്ഥലങ്ങളുടെ സർവ്വേ നമ്പരിൽപ്പെടുന്ന സ്ഥലങ്ങൾ മുൻകൂട്ടിത്തന്നെ വില വാങ്ങി ചെറുകിട കൈവശക്കാർക്ക്, ഭൂമിയില്ലാത്ത വർക്ക് വിൽക്കുകയും ഡിപ്പാർട്ട്മെന്റിന് അതേ പ്രദേശം തന്നെ മിച്ചഭൂമിയായി എഴുതികൊടുക്കുകയും ചെയ്യുന്ന പ്രവണത നിലവിലുണ്ട്. സാധാരണ ഗതി യിൽ മിച്ചഭൂമി ഏറ്റെടുക്കുമ്പോൾ റവന്യൂ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാർ ഭൂമി അന്യകൈവശമില്ലെന്നു ഉറപ്പു വരുത്തിയിട്ടുവേണം അത് ഏറ്റെടുക്കാൻ. എന്നാൽ ഡിപ്പാർട്ട്മെന്റിന്റെ ഒത്താശയോടുകൂടിയാണ് ജന്മിമാർ കഴിഞ്ഞ കാലങ്ങളിൽ ഈ പ്രവൃത്തി നടത്തിയതെന്ന് ഞങ്ങൾക്ക് ഉത്തമബോദ്ധ്യ മാണ്. അങ്ങനെയുള്ള കേസുകളിൽ കൈവശക്കാരെ സഹായിക്കാൻ നിയമപ രമായി എന്താണ് ചെയ്യാൻ കഴിയുക എന്നു ഞങ്ങൾ നോക്കുന്നുണ്ട്. ഇത്തരം കേസുകളിൽ ഉൾപ്പെടുന്ന ആയിരക്കണക്കിന് ആളുകളെ ഒഴിപ്പിക്കണമെ ന്നാണ് കേരള ഹൈക്കോടതി ഗവണ്മെന്റിനോട് ആവശ്യപ്പെട്ടത്. അത്തര മൊരു സന്നിഗ്ദ്ധഘട്ടത്തിൽ ഇതിനെ മറികടക്കണമെന്നുള്ളതുകൊണ്ടാണ് ഈ സഭ ഏകകണ്ഠമായി, ഇത്തരം മിച്ച ഭൂമി കൈവശം വച്ച് ഏറെക്കാല മായി താമസിക്കുന്നവരെ ഒഴിപ്പിക്കുന്നതിൽ നിന്ന് രക്ഷ നേടുന്നതിന് ഒരു ബിൽ സഭയിൽ അവതരിപ്പിച്ചത്. അതുകൊണ്ട്, ഇതിനു പരിഹാരമുണ്ടാ ക്കാൻ ഞങ്ങൾ ആലോചിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, പട്ടയം വിതരണം ചെയ്യാൻ ബഹു. മന്ത്രി എടുത്തുകൊണ്ടിരിക്കുന്ന സത്വരമായ നടപടികൾ വളരെ പ്രയോജനപ്രദ മാണ്. ലക്ഷക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുക്കുന്ന കാര്യം സമ്മതിക്കു കയാണ്, അഭിനന്ദിക്കുകയാണ്. എന്നാൽ ന്യായമായി പട്ടയം കിട്ടേണ്ട ആളു കൾ കനാലുകളുടെയും സർക്കാർ ജലാശയങ്ങളുടെയും സമീപത്താണെന്നു പറഞ്ഞ് പട്ടയം നൽകാതെ വച്ചിരിക്കുകയാണ്. അവർക്ക് ഈ ഗവണ്മെന്റിന്റെ കാലത്ത് ന്യായമായി പട്ടയം വിതരണം ചെയ്യാൻ ഗവണ്മെന്റ് എടുക്കുന്ന മൂർത്തമായ നടപടികൾ വ്യക്തമാക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : വളരെ പാവപ്പെട്ട, തീരെ ഭൂമിയില്ലാത്ത ധാരാളം ആളുകൾ റോഡു പുറമ്പോക്കുകളിലും കനാലിന്റെ തീരങ്ങളിലും തോടു പുറമ്പോക്കുകളിലുമൊക്കെ താമസിക്കുന്നുണ്ട്. പഞ്ചായത്ത് ആക്ട് നിലവിൽ വന്ന ശേഷം തോടിന്റെയും ഗ്രാമീണ റോഡിന്റെയും ആറിന്റെയും കനാലിന്റെയുമൊക്കെ അരികിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ, പഞ്ചായത്തിൽ വെസ്റ്റ് ചെയ്ത ഭൂമിയായതുകൊണ്ട് പഞ്ചായത്തിന്റെ അനു മതി ആവശ്യമുണ്ട്. അതു കൊടുക്കാൻ പാടില്ല എന്നതാണ് ഇപ്പോഴത്തെ നിയമവ്യവസ്ഥ. ആ നിയമ വ്യവസ്ഥ മറികടക്കാനാവശ്യമായ ഒരു നിയമ നിർമ്മാണത്തിലൂടെയല്ലാതെ അതിനു പരിഹാരമുണ്ടാക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് പഞ്ചായത്തിൽ വെസ്റ്റ് ചെയ്ത പുറമ്പോക്കിന്റെ പരിധി എത്ര എന്നതിനെ സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാക്കിയാൽ അതിന് പുറമേയുള്ള പ്രദേശങ്ങൾ നമുക്ക് പതിച്ചുകൊടുക്കാൻ കഴിയും. പ്രായോഗികമായി ഇവര നുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാണ് തൽക്കാലം നമ്മൾ കൈവശരേഖ ഇത്തരം ആളുകൾക്കു മുഴുവൻ കൊടുക്കണമെന്ന് തീരുമാനി ച്ചിട്ടുള്ളത്. അതിന്റെ നടപടികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. കണ്ണൻ : സർ, മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ ഭൂമി കൾ തിരിമറി നടത്തുകയും കൈമാറ്റം ചെയ്യുകയും ചെയ്ത ഒരു മേഖല ഏറ നാടും അതുപോലെതന്നെ നിലമ്പൂർ താലൂക്കിന്റെ മേഖലയുമാണ്. ആ മേഖ ലയിൽ വ്യാജ പട്ടയമുണ്ടാക്കിയതു സംബന്ധിച്ച് ഗവണ്മെന്റിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതുസംബന്ധിച്ച് എന്തെങ്കിലും നടപടി ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, വ്യാജ പട്ടയമാണെന്ന് പെറ്റീഷൻ എവിടെനിന്നുകിട്ടിയാലും ഗൗരവമായി ആ കേസുകൾ അന്വേഷിക്കും. അതാതു പ്രദേശങ്ങളിലെ റവന്യൂ ഉദ്യോഗസ്ഥൻമാർ അന്വേഷിക്കുന്നതിൽ വിശ്വാസ്യതയില്ലെന്ന് അഭിപ്രായമുള്ള കേസുകളിൽ ഞങ്ങൾ നേരിട്ട് ഇവിടെ നിന്നുംതന്നെ ചുമതലപ്പെടുത്തി അന്വേഷിക്കുന്നുണ്ട്. അത്തരം കേസുകളി ലൊക്കെ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

വിദേശ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി

2 (*562) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly